**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1269** **14-03-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം പാക്കേജുകളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മുൻ ബജറ്റിൽ പ്രഖ്യാപിച്ച മലബാർ ലിറ്ററി സർക്യൂട്ട് പദ്ധതിയിൽ നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സാഹിത്യ സാംസ്കാരിക കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതിന്റെ ഭാഗമായി 2021 ലെ ബഡ്ജറ്റിൽ മലബാർ ലിറ്ററി സർക്യൂട്ട് എന്ന ടൂറിസം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി 25 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.കേരളത്തിന്റെ ചരിത്രത്തിൽ മാത്രമല്ല നമ്മുടെ രാജ്യത്തുതന്നെ ഇദംപ്രഥമമായിട്ടാണ് ഇത്തരം ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടിന്റിനെ ടെണ്ടർ വഴി തെരെഞ്ഞെടുക്കുകയും 21.02.2022 ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മുൻ ബജറ്റിൽ പ്രഖ്യാപിച്ച ടൂറിസം പുനരുജ്ജീവന പാക്കേജിന്റെ ഭാഗമായി വയനാട് ജില്ലയിൽ എന്തൊക്കെ പ്രവൃത്തികൾ നടപ്പാക്കിയെന്ന് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (ബി) | ടൂറിസം മേഖലയിൽ തൊഴിൽ എടുത്ത് വരുന്ന തൊഴിലാളികൾക്ക് റിവോൾവിംഗ് ഫണ്ടിൽ ഉൾപ്പെടുത്തിക്കൊണ്ട് വയനാട് ജില്ലയിൽ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ബയോബബിൾ സംവിധാനത്തിലൂടെ ടൂറിസം മേഖലയി പ്രവർത്തിക്കുന്നവർക്കും സഞ്ചാരികൾക്കും സംരക്ഷണം ഉറപ്പുവരുത്തിയ ആദ്യ ജില്ലയാണ് വയനാട്. ഇതിലൂടെ ടൂറിസം മേഖലയിൽ ജില്ലയിൽ ഉണർവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ